# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TVM.GP4/1030/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/09/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലരാമപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TVM.GP4/1030/2024

തീയ്യതി: 03/09/2024

## തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 52 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2024 | 19-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2024 | 19-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രതാപ് കുമാർ .ആർ ,ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)

ശ്രീ. അഭിജിത്.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അൻവർ രാജ്.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. രാജു.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മോഹനൻ.വി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. അപ്പുകുമാർ.വി.കെ | സെക്രട്ടറി | 01-04-2023 | 18-07-2023 |
| ശ്രീ.അജിത്കുമാർ.വി.ആർ | സെക്രട്ടറി | 19-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അപ്പുകുമാർ.വി.കെ | സെക്രട്ടറി | 01-04-2023 | 18-07-2023 |
| ശ്രീ.അജിത്കുമാർ.വി.ആർ | സെക്രട്ടറി | 19-07-2023 | 31-03-2024 |
| വേൽമുരുകൻ.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| പ്രശാന്ത് | കൃഷി ഓഫീസർ | 01-04-2023 | 17-05-2023 |
| സ്നേഹ റൂബൻ | കൃഷി ഓഫീസർ | 18-05-2023 | 04-10-2023 |
| മലർ | കൃഷി ഓഫീസർ | 04-10-2023 | 31-03-2024 |
| ഡോ.മൃദുല | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.രജിത.ഡി.ആർ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ.സുവീണ | മെഡിക്കൽ ഓഫീസർ,ഹോമിയോ ഡിസ്പെൻസറി | 01-04-2023 | 31-03-2024 |
| ഡോ.പവിത്ര കുമാരി | മെഡിക്കൽ ഓഫീസർ,ആയുർവേദ ഡിസ്പെൻസറി | 01-04-2023 | 23-08-2023 |
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ,ആയുർവേദ ഡിസ്പെൻസറി | 24-08-2023 | 31-03-2024 |
| ശ്രീ.മനോജ് ബൻസൂരി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 22-08-2023 |
| ശ്രീമതി.സ്മിത ഗോപാൽ.എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 23-08-2023 | 04-10-2023 |
| ശ്രീമതി.ദീപ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 05-10-2023 | 31-03-2024 |
| ശ്രീ.വിജയകുമാർ.വി.എസ് | അസിസ്റ്റന്റ് എൻജിനീയർ,എൽ.എസ്.ജി.ഡി | 01-04-2023 | 31-01-2024 |
| ശ്രീമതി.സുനിത | അസിസ്റ്റന്റ് എൻജിനീയർ,എൽ.എസ്.ജി.ഡി | 01-02-2024 | 31-03-2024 |
| ശ്രീമതി.രുഗ്മിണി.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.അജിതകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീ.രതീഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ആശ | വി.ഇ.ഒ I | 01-04-2023 | 04-07-2023 |
| ശ്രീമതി സരിത | വി.ഇ.ഒ I | 05-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.ഷിജു ഏലിയാസ് | വി.ഇ.ഒ II | 01-04-2023 | 17-10-2023 |
| ശ്രീമതി സന്ധ്യ | വി.ഇ.ഒ II | 18-10-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു | 1-1-3 |
| 5 | വസ്തു നികുതി-DCB സ്റ്റേറ്റ്മെന്റിലെയും AFS ലെയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കുന്നില്ല | 1-1-6 |
| 8 | ട്രഷറി തനത് ഫണ്ട് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് B-5 ലെ Loans From KURDFC ലെ തുക ലോൺ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഒടുക്കിയില്ല | 1-1-10 |
| 12 | മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക B 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ് | 1-1-11 |
| 13 | ബജറ്റ് അപാകങ്ങൾ | 1-2-1 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകങ്ങൾ | 1-6-1 |
| 19 | ക്ഷേമ പദ്ധതികൾ | 1-6 |
| 20 | പണം നീക്കിയിരിപ്പ് പരിശോധന | 1-7 |

| | | |
|---|---|---|
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | തൊഴിലുറപ്പ് പദ്ധതി-നിരീക്ഷണങ്ങൾ | 1-9-1 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | സേവന പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-11 |
| 26 | മാലിന്യമുക്ത കേരളം ഹരിതകർമ്മസേന മുഖേന ബാലരാമപുരം ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | 1-12 |
| 27 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ അപാകങ്ങൾ (ചെലവ് തുക തടസ്സപ്പെടുത്തുന്ന 18,64,944/-രൂപ) | 1-13 |
| 28 | അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ നിർവഹണം, രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും പരിപാലനം എന്നിവ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-14 |
| 29 | വസ്തുനികുതി പൂർണമായും പിരിച്ചെടുക്കുന്നില്ല. | 1-15 |
| 30 | 2023-ലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. | 1-16 |
| 31 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി നികുതി പൂർണമായും പിരിച്ചെടുക്കുന്നില്ല. | 1-17 |
| 32 | പഞ്ചായത്ത് തല ദുരിതാശ്വാസനിധിയുടെ പ്രവർത്തനം ഊർജിതമാക്കേണ്ടതാണ്. | 1-18 |
| 33 | ഭീമമായ വാടകകുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടികൾ ഊർജിതമാക്കണം. | 1-19 |
| 34 | ഡെയിഡേഞ്ച് ലിസ്റ്റ് കാലികമാക്കി മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-20 |
| 35 | ഭരണസമിതി തീരുമാനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല. | 1-21 |
| 36 | സോഴ്സ് ലെവൽ സെഗ്രിഗേഷൻ -ബിന്നുകളുടെ വിതരണം സുതാര്യമല്ല. | 1-22 |
| 37 | സാനിട്ടറി പാഡ് ഡിസ്ട്രോയറുകൾ പ്രവർത്തനക്ഷമമാക്കിയില്ല-94768/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 38 | വിമുക്തഭടന്റെ ഭവനത്തിന് വാസയോഗ്യമാക്കാൻ ധനസഹായം നൽകി. 50,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |

| | | |
|---|---|---|
| 39 | കുടുംബാരോഗ്യകേന്ദ്രത്തിൽ സർക്കാർ അംഗീകാരമില്ലാത്ത തസ്തികയിൽ നിയമനം നടത്തി ശമ്പളം നൽകി വരുന്നു. ചെലവ് തുക 1,46,663/- രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 40 | വാഹനങ്ങളുടെ വിവരം VEELS -എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-26 |
| 41 | പാഥേയം പദ്ധതി - ജില്ലാ പഞ്ചായത്തിന് കൈമാറിയ പദ്ധതി വിഹിതത്തിന്റെ കൈപ്പറ്റ്/വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു രൂപ 10,46,480/- | 1-27 |
| 42 | ടേക്ക് എ ബ്രേക്ക്, പകൽവീട് എന്നീ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല | 1-28 |
| 43 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല - 1,56,799/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ (തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. ബാലരാമപുരം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & ( സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമു ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനു ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.05.2024 തീയതിയിലെ 1(1) നം. തീരുമാന അംഗീകരിച്ച് 20.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പ രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ( ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസിക കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനു വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭി ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അ തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ( അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റി എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവര കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബാലരാമപുരം ഗ്രാമ പഞ്ചാ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക ( സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമ നൽകുന്നു.

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടി കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉ

കൂടാതെ തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.7/1 നുള്ള മറുപടിയിൽ ഐ.എൽ.ജി.എം.എസിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ ലഭ്യമല്ലെന്നും അപാകത ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും മറുപടി നൽ

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivaler രേഖപ്പെടുത്തിയിരിക്കുന്നത് 515686/- രൂപയാണ്. എന്നാൽ "Net Cash Generat Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9971603/- രൂപയാണ്. മേ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസിലെ സാങ്കേതിക പിഴവ് മൂലമാണിത് സംഭവ അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം.7/12.06.20 മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-1-3 അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു

ബാലൻസ് ഷീറ്റ് ബി 11 (A) പ്രകാരം ആകെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ 72728799/- രൂപയാണ്. ആസ്തിയുടെ ആകെ മൂല്യം ബി11 പ്രകാരം 39587733/- രൂപ മാത്രമാണ്. ആസ്തിയുടെ മൂല്യത്തിലധ ഡിപ്രിസിയേഷൻ നൽകിയിരിക്കുന്നു.മുൻവർഷത്തിലും ഇപ്രകാരം ആസ്തിമൂല്യത്തിലധികമായി ഡിപ്രി നൽകി കാണുന്നു. ഐ.എൽ.ജി.എം.എസിൽ ഡിപ്രീസിയേഷനുമായി ബന്ധപ്പെട്ട് അതാത് ഇല്ലാത്തതിനാലാണ് ഇത് സംഭവിച്ചതെന്ന് ഓഡിറ്റ് അന്വേഷണം.7/12.06.2024 നുള്ള മ വ്യക്തമാക്കിയിട്ടുണ്ട്.അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-4 വസ്തു നികുതി-DCB സ്റ്റേറ്റ്മെന്റിലെയും AFS ലെയും തുകകൾ പൊരുത്തപ്പെടുന്ന

സഞ്ചയ DCB സ്റ്റേറ്റ്മെന്റിലെയും AFS ലെയും വസ്തു നികുതി അരിയർ, ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | അരിയർ ഡിമാന്റ് | അരിയർ കളക്ഷൻ | ബാലൻസ് |
|---|---|---|---|
| AFS പ്രകാരം | 20250202 | 1571609 | 1224545 |
| സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം | 2881811 | 1639182 | 1244373 |

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വ മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തി ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301398/31-3-24 |
| | | |

| | | |
|---|---|---|
| 110100102 | Property Tax On Non Residential Buildings | 42301400/31-3-24 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/12.06.2024 നുള്ള മറുപടിയിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-6 ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കുന്

2022-23 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുക 24ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കോഡ് | ഇനം | 2023-24 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200119 | Recoveries Payable-Covid | 153400 |
| 2 | 350300103 | Government And Other Dues Payable-VAT | 7234 |
| 3 | 350300104 | Government And Other Dues Payable-Service Tax | 185397 |
| 4 | 350300106 | Government And Other Dues Payable – Revenue Recovery | 1342 |
| 5 | 350300111 | Government And Other Dues Payable-Flood Cess | 1057 |
| 6 | 350300199 | Government And Other Dues Payable-Others | 26673 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം.7/12.06.2024 നുള്ള മറുപടിയിൽ തുകകൾ ഒടുക്കു വ്യക്തമായ സർക്കാർ ഉത്തരവ് ഇല്ലാത്തതിനാലാണ് ഇത്തരത്തിൽ ബാധ്യതാ ഹെഡിൽ നിലനിർത്തിയിട്ടുള്ളതെന്നും സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറക്ക് തുക ഒടുക്കുന്നതിനുള്ള ന സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-1-7 ട്രഷറി തനത് ഫണ്ട് അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല

450210104 ട്രഷറി തനത് ഫണ്ട് അക്കൌണ്ടിൽ 3,028/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട അക്കൌണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. ഓഡിറ്റ് അന്വേഷണം.7/12.06.2024 നുള്ള മ മേൽപ്പറഞ്ഞ ട്രഷറി അക്കൗണ്ട് കാലഹരണപ്പെട്ടതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കാലഹരണപ്പെട്ടതാണെങ്കിൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകര് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 3028/- രൂപ സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-1-8 ബാലൻസ് ഷീറ്റ് B-5 ലെ Loans From KURDFC ലെ തുക ലോൺ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-5 ലെ Loans From KURDFC ലെ തുക 45088365/- രൂപയാണ്. എന്നാൽ ലോൺ ര തിരികെ ഒടുക്കാനായി അവശേഷിക്കുന്ന ലോൺ ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45053979/- രൂ പലിശ ഇനത്തിൽ ലഭിക്കുന്ന തുക തെറ്റായി ലോൺ ഹെഡിൽ രസീത് ചെയ്യുന്നതിനാലാണ് സംഭവിച്ചതെന്ന് ഓഡിറ്റ് അന്വേഷണം.7/12.06.2024 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-9 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.ബ ഷീറ്റിലെ B-14 Stock In Hand(Inventories) ൽ തുകകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സ നൽകിയ ഓഡിറ്റ് എൻക്വയറി 7/12.06.2024 നുള്ള മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിനുള്ള ന സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-10 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഒടുക്കിയില്ല

ബാലൻസ് ഷീറ്റ് B-18 460100101 ഹെഡിൽ 32000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.തിരുവനന്തപുരം നഗരസഭയിലേക്ക് സ്ഥലം മാറ്റം ജീവനക്കാരുടെ തിരികെ ഒടുക്കാനുള്ള ഫെസ്റ്റിവൽ അഡ്വാൻസായി അനുവദിച്ച തുകയാണിത്.മേൽപ്പ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്തിലേക്ക് ഒടുക്കുന്നതിനായി തിരു നഗരസഭക്ക് കത്ത് നൽകേണ്ടതാണ്.

## 1-1-11 മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക B 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്

ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം (ഹെഡ് കോഡ് 460500201, 460500202) ഡെ വർക്കിനായി കെ.എസ്.ഇ.ബി ക്കും വാട്ടർ അതോറിറ്റി ക്കും യഥാക്രമം 2655041/- രൂപയും 4558700 നൽകിയത് ക്രമീകരിക്കപ്പെടാതെ അഡ്വാൻസ് ആയി നിലനിൽക്കുന്നു. മുൻ വർഷങ്ങളിൽ അ നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും പൂർത്തിയായിട്ട വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുകകൾ B-18 ഷെഡ്യൂളിൽ നിന്നും മാറ്റുന്നതിനുള്ള ന സ്വീകരിക്കേണ്ടതുമാണ്.

## 1-2-1 ബജറ്റ് അപാകങ്ങൾ

1) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അ റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4- പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസ തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.എന്നാൽ മേൽപ്പറഞ്ഞ രീതിയിൽ പ്രതിമാസ അവലോകനം നടത്ത രേഖകൾ ലഭ്യമാക്കിയില്ല.

2) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവ മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക

3) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ് കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്) തുടങ്ങിയ ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഘടകസ്ഥാപ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-2 ബജറ്റ്.

2023-24 ലെ ബജറ്റ് 09.02.2023 ലെ ഭരണസമിതി സാധാരണ യോഗം 1/1 നമ്പർ തീരുമാനം അംഗീകരിച്ചു. കൂടാതെ 2023-24 ലെ പരിഷ്കരിച്ച ബജറ്റും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്/ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | പരിഷ്കരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 27250397 | 27250397 |
| വരവ് | 468873000 | 454815284 |
| ആകെ | 496123397 | 482065681 |
| ചെലവ് | 492750000 | 477085556 |
| നീക്കിയിരിപ്പ് | 3373397 | 4980125 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 28952364 |
| ഓഡിറ്റ് വർഷത്തെ വരവ് | 86062036 |
| ആകെ | 115014400 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85546350 |
| നീക്കിയിരിപ്പ് | 29468050 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കീയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 15409823 | 17927659 | -2517836 |
| വികസന ഫണ്ട് SCP | 0 | 9143966 | 6801360 | 2342606 |
| വികസന ഫണ്ട് TSP | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC Tied) | 0 | 2619000 | 4310405 | -1691405 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC Untied) | 0 | 3492000 | 4089075 | -597075 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 7582650 | 6898903 | 683747 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 6963400 | 6229287 | 734113 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (CSS) | 0 | 0 | 4160286 | -4160286 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (SSS) | 0 | 0 | 8450000 | -8450000 |

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് റെസീപ്റ്റ് ഭാഗത്ത് സോഴ്സ് ഡിഡക്ഷൻ കൂടാതെയുള്ള വരവ് തുകയും E ഭാഗത്ത് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് തുകയുമാണ് കാണപ്പെടുന്നത്. ആയതിനാ സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളിൽ വരവിനെക്കാൾ കൂടുതൽ ചെലവ് കാണപ്പെടുന്നു.

2) സി.എസ്.എസ്, എസ്.എസ്.എസ് ഫണ്ടിന്റെ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല

3) വെബ് സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (എ.സി.ആർ) ന ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത ബിൽ തുകകളും ഉൾപ്പെടുന്നുണ്ട്.

4) സി.എഫ്.സി ഫണ്ടുകളിൽ (Tied & Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയി ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

**ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ:**

1. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപന സാമ്പത്തിക വർഷം വിനിയോഗിക്കാത്ത, സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ സ വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർ പാലിക്കാതെ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചാ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്ക് മുനിസിപ്പൽ കോർപ്പറേഷനിൽ മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുക 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒ ചെയ്തിട്ടില്ല. 2023-24 വർഷം നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700202 | 380000 | മുനിസിപ്പൽ കോർപ്പറേഷൻ |

2. വനിതകൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്കായി ചുവടെ പറയുന്ന പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രൊജക്റ്റ് | അടങ്കൽ തുക |
|---|---|---|
| Special Programme For Old Age | 233, വൃദ്ധസദനം തുടർപ്രവർത്തനം | 2561670 |
| Differently Abled | 50, സ്പീച്ച് ബിഹേവിയർ ഒക്കുപ്പേഷണൽ തെറാപ്പി | 100000 |
| Women Component Plan | 91, വനിതകൾക്ക് സ്വയം തൊഴിലിന് ധനസഹായം | 600000 |
| | 189, ആട് വളർത്തൽ,വനിത എസ്.സി.പി | 206250 |

3. 2022-23 വർഷം ചുവടെ പറയുന്ന പ്രോജക്ടിനായി വകയിരുത്തിയിരുന്ന എസ്.സി.പി. ഫണ്ട് ത ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 337, എസ്.സി. ഭവന രഹിതർക്ക് വസ്തു വാങ്ങൽ | 30000 | വി.ഇ.ഒ. |
| 5, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം | 500000 | ഹെഡ്മാസ്റ്റർ |
| 103, എസ്.സി. വനിതകൾക്ക് പി.എസ്.സി. കോച്ചിംഗ് | 275000 | അസി.സെക്രട്ടറി |
| 134, തണ്ണിയത്ത് വിളാകം റോഡ് ഇന്റർലോക്ക് | 458203 | അസി.എൻജിനീയർ |
| 143, ചർച്ച് റോഡ് കോൺക്രീറ്റ് | 300000 | അസി.എൻജിനീയർ |
| 151, ഇലഞ്ഞിക്കുളം എസ്.സി. റോഡ് പുനരുദ്ധാരണം | 300000 | അസി.എൻജിനീയർ |
| 264, ചാമവിള റോഡ് ഇന്റർലോക്ക് | 277200 | അസി.എൻജിനീയർ |
| 254, എരുത്താവൂർ വടക്കേ മലഞ്ചരിവ് ഫുട്പാത്ത് കോൺക്രീറ്റിംഗ് | 300000 | അസി.എൻജിനീയർ |
| 379, ഇടക്കോടം റോഡ് കോൺക്രീറ്റ് | 99000 | അസി.എൻജിനീയർ |

4. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്തപ്രൊജക്ടിനായി ലഭിച്ച 500000/- രൂപ 2023-2 ചെലവാക്കിയിട്ടില്ല. (B4 കോഡ് -320700204).

**5. മേഖലാ-തല ഗ്രാന്റ് വിനിയോഗം**

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തിൽ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രക വകയിരിത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാ അടിസ്ഥാനത്തിലുള വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (വായ്പ/ഗുണഭോക്തൃ വിഹിതം, മറ്റുള്ളവ ഒഴികെ) | ചെലവ് (വായ്പ/ഗുണഭോക്തൃ വിഹിതം, മറ്റുള്ളവ ഒഴികെ) | ചെ ശത (% |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8769004 | 3321405 | 37 |
| | പട്ടിക ജാതി | 1196250 | 405000 | 33 |
| സേവനം | പൊതുവിഭാഗം | 81487458 | 48692240 | 59 |
| | പട്ടിക ജാതി | 15623252 | 8258952 | 52 |
| പശ്ചാത്തലം | പൊതുവിഭാഗം | 24329143 | 9604074 | 39 |
| | പട്ടിക ജാതി | 2782588 | 911292 | 32 |

## 1.5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (വായ്പ/ ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെല ശത |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | - | 2120000 | 1129640 | 53. |
| വെറ്റിനറി സർജൻ | 16 | 11 | 5 | 4067804 | 1780182 | 43. |
| മെഡിക്കൽ ഓഫീസർ–എഫ്.എച്ച്.സി | 18 | 17 | 1 | 7823477 | 6149881 | 7 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 6 | 6 | - | 530000 | 530000 | 10 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 0 | 1500000 | 1476233 | 9 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 34 | 29 | 5 | 44886712 | 23442643 | 52. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 10 | 4 | 7602972 | 6547389 | 8 |
| സെക്രട്ടറി | 45 | 29 | 16 | 16546449 | 12798988 | 77. |
| അസിസ്റ്റന്റ് എഞ്ചിനീയർ | 133 | 70 | 63 | 38895659 | 12849933 | 3 |
| ഹെഡ് മാസ്റ്റർ | 7 | 6 | 1 | 1730400 | 1014487 | 5 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | - | 2330000 | 620424 | 2 |
| അസിസ്റ്റന്റ് സെക്രട്ടറി | 19 | 13 | 6 | 6122222 | 3341444 | 54. |

| | | | | | | |
|---|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 0 | 32000 | 32000 | 10 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (വായ്പ/ഗുണഭോക്തൃ വിഹിതം മറ്റിനങ്ങൾ എന്നിവ ഒഴികെ) | ആകെ പദ്ധതി ചെലവ് (വായ്പ/ ഗുണഭോക്തൃ വിഹിതം മറ്റിനങ്ങൾ എന്നിവ ഒഴികെ) | ചെല ശതമ |
|---|---|---|---|---|---|
| 308 | 207 | 101 | 134187695 | 71713244 | 53.4 |

**<u>ആസൂത്രണ സമിതി</u>**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേ (കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസ 1(1)/26.11.2022-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

ആസൂത്രണ സമിതിയുടെ മിനിട്സിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളത് സംബന്ധിച്ച വ ഉൾപ്പെടുത്തിയിട്ടില്ല.

**<u>വർക്കിംഗ് ഗ്രൂപ്പ്</u>**

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുക പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല. പദ്ധതി ന സംബന്ധിച്ച യാതൊരു വിശദാംശങ്ങളും വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ ഉൾപ്പെടുന്നില്ല.

**<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>**

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഗ്രാമപഞ്ചായത്ത് അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട

**<u>ഗ്രാമസഭ</u>**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർ തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെ നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ (വാർഡ് 5, 8) പദ്ധതി നിർദ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്നിവ മാത്രമാണ് ഗ്രാമസഭകൾ ചർച്ച ചെയ്തിട്ടുള്ളത്. പദ്ധതി നിർദ്ദേ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് ക ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

**<u>വായ്പ</u>**

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കാ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടില്ല. വായ്പാ ബന്ധിത പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

**<u>നൂതന പ്രോജക്ടുകൾ</u>**

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല

**<u>CSR ഫണ്ട്</u>**

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Respons (CSR Fund) ലഭ്യമായിട്ടില്ല. CSRഫണ്ട് ഉപയോഗിച്ച് സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനുള്ള തയ്യാറാക്കിയെങ്കിലും ഫണ്ട് ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല .

## 1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകങ്ങൾ

ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളതും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നി പെൻഷൻ അനുവദിച്ചിട്ടുള്ളതുമായ ചുവടെ പറയുന്ന പെൻഷണർമാരുടെ സേവന സോഫ്റ്റ് വെയറി പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് ആക്ടീവ് ആണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| മരണപ്പെട്ടയാളുടെ പേര് | മരണപ്പെട്ട തീയതി | മരണപ്പെട്ടയാൾ താമസിക്കുന്ന തദ്ദേശ സ്ഥാപനം | പെൻഷൻ ഐഡി,ഇനം | അധികമായി പെ അനുവദിച്ചിട്ടുണ്ടോ സംബന്ധിച്ച വി |
|---|---|---|---|---|
| ഓമനതങ്കച്ചി പി | 19.04.2024 | പെരുങ്കടവിള പഞ്ചായത്ത് | 102830100967 കർഷക തൊഴിലാളി പെൻഷൻ - | |
| സരോജിനി | 03.03.2024 | പള്ളിച്ചൽ പഞ്ചായത്ത് | 102770202419 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | |
| കോമളവല്ലി | 17.07.2023 | വെങ്ങാനൂർ പഞ്ചായത്ത് | 102960600344 ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 12/2023 വരെ അനുവദിച്ചു. |

മേൽപ്പറഞ്ഞ വ്യക്തികളുടെ മരണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ അറിയിച്ചിട്ടുണ്ടോ വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.48/18.06.2024 നുള്ള മറുപടിയിൽ മേൽപ്പറ പെൻഷൻ കൈപ്പറ്റുന്നവരുടെ മരണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ അറിയിക്കുന്നതിനുള്ള ന സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേ

| ക്രമ നം | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളു എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 10560 | 16 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 1947000 | 1296 |
| 3 | വിധവ പെൻഷൻ | 17374800 | 13813 |
| 4 | വാർദ്ധക്യകാല പെൻഷൻ | 38080200 | 29468 |
| 5 | വികലാംഗ പെൻഷൻ | 5144000 | 3307 |
| 6 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 526400 | 329 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പ 19.06.2024 തീയതിയിൽ രാവിലെ 11:45 മണിക്ക് മണിക്ക് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്ന് നടത്തുകയുണ്ടായി. പരിശോധനയിൽ 9,948/- രൂപയുടെ (ഒൻപതിനായിരത്തി തൊള്ളായിരത്തി ന എട്ട്) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച പരിശോധനാ വിവര ചേർക്കുന്നു.

1) ഓഫീസ് ഉത്തരവു മുഖേന ജോലി വിഭജനം നടത്തുകയും ഓരോ ഉദ്യോഗസ്ഥരുടേയും ചുമതലകൾ വ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
2) ഫയലുകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിപാലനം സാമാന്യം തൃപ്തികരമാണ്. എന്നാൽ പരാത് വിവരാവകാശ രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ച് കാണുന്നില്ല.
3) തൊഴിൽ നികുതി രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കിയിട്ടില്ല.
4) ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തി ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കേണ്ടതുണ്ട്.
5) കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഗ്രാമസഭകൾ കൂടുകയും, മിനുട്സ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ അവതരിപ്പിച്ചതായി കാണ
6) ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ പദ്ധതി രൂപീകരണശേഷം യോഗം ചേരുകയേ നടത്തിപ്പ് ഫലപ്രദമായി മോണിറ്റർ ചെയ്ത് ടി വിവരങ്ങൾ മിനുട്സ് ചെയ്യുകയോ ചെയ്തതായി കാണുന്ന്

## 1-9-1 തൊഴിലുറപ്പ് പദ്ധതി-നിരീക്ഷണങ്ങൾ

2023-2024 സാമ്പത്തിക വർഷത്തിൽ നടത്തിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ കേന്ദ്രഗ്രാമീണ മന്ത്രാലയത്തിന്റെ തൊഴിലുറപ്പിനായി തയ്യാറാക്കിയ ആനുവൽ മാസ്റ്റർ സർ (എ.എം.സി) നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതക ചേർക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന രേഖകൾ പദ്ധതികളുടെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1) ഫോട്ടോ ഗ്രാഫ്സ് : മൂന്ന് ഘട്ടത്തിലെയും ഫോട്ടോസ് സൂക്ഷിച്ചിട്ടില്ല.
2) ജിയോ ടാഗ്ഡ് ഫോട്ടോസ്: 7.12.5(17) ജിയോ ടാഗ്ഡ് ഫോട്ടോസ് /സാറ്റ് ലൈറ്റ് ഫോട്ടോസ് സൂക്ഷിച്ചിട്ടില്ല. ടി സ്ഥലങ്ങൾ ടാഗ് ചെയ്തിട്ടില്ല.

3) 2023-24 വർഷം മെറ്റീരിയൽ വർക്ക് ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം.47/19.06.2024 നുള്ള മറുപടിയിൽ 2023-24 വർഷം വർക്കിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടറിൽ പങ്കെടുക്കാത്തതിനാലാണ് മറ്റീരിയൽ നടപ്പാക്കാത്തതെന്നും ഫോട്ടോ ഗ്രാഫ്സും ജിയോ ടാഗ്ഡ് ഫോട്ടോസും ഫയലിൽ ഉൾപ്പെടുത്തി പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (AFS പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 931272 | 931272 | 931272 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 50966918 | 50966918 | 50966918 | 0 |
| ആകെ | 0 | 51898190 | 51898190 | 51898190 | 0 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.06.2022 മുതൽ 16.06.2022 വരെ | 01.08.2021 മുതൽ 31.03.2022 വരെ | 08.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.03.2017 മുതൽ 23.03.2017 വരെ | 2011-12 മുതൽ 2015-16 വരെ | 05.05.2017 |

## 1-11 സേവന പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ചുവടെ ചേർക്കുന്ന ജീവനക്കാരുടെ ആർജിതാവധി അക്കൗണ്ടിൽ അപാകതയുള്ളതായി സേവ
പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | ആർജിതാവധി അക്കൗണ്ടിലെ അപാകത |
|---|---|
| വേൽമുരുകൻ .റ്റി അസിസ്റ്റന്റ് സെക്രട്ടറി | 01.04.2014 മുതൽ 31.03.2021 വരെ ആർജിതാവധി കണക്കാക്കിയപ്പോൾ ലീവ് ക്രെഡിറ്റ് കോളത്തിൽ പരമാവധി ക്രെഡിറ്റ് ചെയ്യാവുന്ന 300 ലീവുകൾ അധികരിച്ച് ലിവ് ക്രഡിറ്റ് ചെയ്യുകയും തുടർന്ന് സറണ്ടർ ചെയ്യുന്ന ലീവുകൾ, അധികരിച്ച് ക്രഡിറ്റ് ചെയ്ത ലീവിൽ നിന്ന് കുറക്കുകയുമാണ് ചെയ്തിട്ടുള്ളത്. |
| സിന്ധു .എൻ സീനിയർ ക്ലർക്ക് | 1) 30.05.2016 മുതൽ 31.07.2016 വരെയുള്ള ആർജിതാവധി അനുവദിച്ചിട്ടുണ്ട്.മേൽപ്പറഞ്ഞ കാലയളവ് തുടർന്ന് ആർജിതാവധി കണക്കാക്കിയപ്പോൾ ആർജിതാവധി കണക്കാക്കാനുള്ള ദിനങ്ങളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.<br>2) 13.12.2016 മുതൽ 17.12.2016 വരെയും 14.11.2019മുതൽ 16.11.2019 വരെയുമുള്ള കമ്മ്യൂട്ടഡ് ലീവ് തുടർന്ന് ആർജിതാവധി കണക്കാക്കിയപ്പോൾ ആർജിതാവധി കണക്കാക്കാനുള്ള ദിനങ്ങളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.49/19.06.2024 ന് മറുപടി ലഭ്യമാ
അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മാലിന്യമുക്ത കേരളം ഹരിതകർമ്മസേന മുഖേന ബാലരാമപുരം ഗ്രാമപഞ്ചായ നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

2016-ലെ ഖരമാലിന്യ ചട്ടങ്ങളുടെ പരിപാലനം, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ എന്ന
ബന്ധപ്പെട്ട് ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം നടത്തിയ പ്രവർത്തനങ്ങളുടെ പരിശേ
അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട് 12.06.2024ന് നല്കിയ 11/24-ാം നമ്പർ ഓഡിറ്റ് അന്വേഷ
സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ, എന്നിവയുടെ അടിസ്ഥാനത്തിലും ടി വിഷയുമായി 
ഓഡിറ്റ് നിരീക്ഷണങ്ങൾ/ശുപാർശകൾ ചുവടെ ചേർക്കുന്നു.

20വാർഡുകൾ ഉള്ള ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 36134 ആണ്
വാർഡുകളിലെ ഖരമാലിന്യ പരിപാലനത്തിനായി 41 ഹരിതകർമ്മ സേനാംഗങ്ങളെ ആണ് നിയോഗ
ഹരിതകർമ്മസേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ട സ
ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനം ഹരിതകർമ്മസേനയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല

എൻക്വയറി നം.11(4ബി) . പഞ്ചായത്തിന് ആകെ 9259 വാസഗൃഹങ്ങളും 1335 സ്ഥാപനങ്ങളും ഉ
കൂടാതെ 8 ഓഡിറ്റോറിയങ്ങളും ഒരു പൊതു ചന്തയും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു
വാർഡുകളിലേയും പാഴ്വസ്തു ശേഖരണത്തിനായി നിലവിൽ 53 Mini MCF കളും, ഒരു താല്ക്കാല
എന്നിവയുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് സ്ഥിതി ചെ
ചെറിയ റൂമിൽ പ്രവർത്തിക്കുന്ന താല്ക്കാലിക MCF, തികച്ചും അപര്യാപ്തമാണ്.

ശുചിത്വമിഷൻ മാനദണ്ഡങ്ങൾ പ്രകാരം ടിപ്പിംഗ് ഏര്യ, സോർട്ടിംഗ് ഏര്യ, സ്റ്റോറേജ് എന്നിവയ്ക്കായി സ്ഥലം നീക്കിവയ്ക്കാവുന്ന സ്ഥല ലഭ്യത നിലവിലുള്ള MCFന് ഇല്ല. കൂടാതെ Bailing Machine, Sort Conveyer Belt എന്നിവയൊന്നും ഇവിടെ സ്ഥാപിച്ചിട്ടില്ല. (ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്) സ്ഥ കൊണ്ട് ബുദ്ധിമുട്ടുന്ന MCFൽ നിലവിൽ തരം തിരിക്കൽ ഒന്നും തന്നെ നടക്കുന്നില്ല. അതുകൊ ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ്വസ്തുക്കളെ തരം തിരിച്ച് നല്കാൻ കഴിയാത്തത് മൂലം കൺസോർഷ്യത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷം ശേഖരിച്ച 77940 കിലോ പാഴ് 2378കിലോ മാത്രമേ തരംതിരിച്ച് നല്കാൻ കഴിഞ്ഞിട്ടുള്ളൂ. 2023-24 വർഷത്തിൽ പാഴ്വസ്തുക്കൾ വിറ്റ കൺസോർഷ്യത്തിന് ലഭിച്ചത് 6340/-രൂപ മാത്രമാണ്. എന്നാൽ തരം തിരിക്കാത്ത മലിന്യങ്ങൾ ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനങ്ങൾക്ക് 52000/-രൂപ ഓഡിറ്റ് വർഷം നല്കേണ്ടി വന്ന മാലിന്യങ്ങൾ തരം തിരിച്ച് നല്കുന്നതിലെ കാര്യക്ഷമതയില്ലായ്മ വെളിവാക്കുന്നതാണ്. നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് New Energy എന്ന സഹായ സ്ഥാപനവുമായി പഞ്ചായത്ത് ഏർപ്പെട്ട് പ്രവർത്തിച്ചു വരികയും ഓഡിറ്റ് വർഷം 242000/-രൂപ ടി സ്ഥാപനത്തിന് കൺസൽട്ടിംഗ് നല്കിയതായും കാണുന്നു.

<u>നേട്ടങ്ങൾ:</u> മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് വ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ഓഡിറ്റ് വർഷം, ചട്ടലംഘനം നടത്തിയ 13 വ്യക സ്ഥാപനങ്ങൾ എന്നിവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും, 88100/-രൂപ പിഴ ഈടാക്കുകയും ഇതു കൂടാതെ ജൈവമാലിന്യ സംസ്കരണത്തിനായി 2 തുമ്പൂർമുഴി സംസ്കരണ യൂണിറ്റുകൾ പഞ്ചായത്ത് പ്രവർത്തിച്ച് വരുന്നതും ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ തരംതിരിക്കുന്നതിലേക്കായി, വ്യത്യസ്ത നി വേസ്റ്റ് ബിന്നുകൾ ഉണഭോക്താക്കൾക്ക് നല്കിയതും, ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട ശ്ലാഘ പ്രവൃത്തികളാൽ വിലയിരുത്താവുന്നതാണ്.

<u>കൈവരിക്കേണ്ട ലക്ഷ്യങ്ങൾ:</u> വാതിൽപ്പടി ശേഖരണം നിലവിലുള്ള 68 ശതമാനത്തിൽ നിന്നും 100 ശത ഉയർത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിൽ മറുപടി നല്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 46,45,000/- രൂപ ലഭി ഹരിതകർമ്മസേനാംഗങ്ങളുടെ ശരാശരി മാസ വരുമാനം ഏകദേശം 8000/-രൂപ മാത്രമാണ്. മാസ 10,000/-രൂപ ആയി ഉയർത്താവുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്കായി, വാതിൽപ്പടി യൂസർഫീ കളക്ഷൻ എന്നിവ 100 ശതമാനമായി ഉയർത്തേണ്ടതും MCF സൗകര്യങ്ങൾ ഒരുക്കി പാഴ്വസ്തു തിരിച്ച് നല്കി കൂടുതൽ വരുമാന വർദ്ധനവിന് ശ്രമിക്കേണ്ടതുമാണ്. ആപത്ക്കരമായ ബയോമെഡിക്കൽ മാലിന്യം, എന്നിവയുടെ ശേഖരണത്തിനും സംസ്കരണത്തിനും നടപടി സ്വീകര പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിൽ ഗ്രീൻ പ്രോ നടപ്പിലാക്കുന്നതിന് യൂസർഫീ ഈടാക്കി ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പ് വരുത്തേണ്ടതുമാണ്

**(1) പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന MCF**



(2) മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ



## <u>1-13 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ അപാകങ്ങൾ (ചെല</u> <u>തടസ്സപ്പെടുത്തുന്ന 18,64,944/-രൂപ)</u>

<u>(1) പദ്ധതി നമ്പർ : 25/23-24 ചെലവ് തുക ₹71000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.</u>

പദ്ധതിയുടെ പേര് : ശ്രീചിത്തിര തിരുനാൾ ഗ്രന്ഥശാലയ്ക്ക് കുടിവെള്ളം ലഭ്യമാക്കൽ

അടങ്കൽ തുക : ₹2,00,000/- ഫണ്ട് : CFC

ചെലവ് തുക : ₹71,000/- ബിൽ നമ്പർ/ തീയതി.458/11.01.2024-₹71000/-

മേൽ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക് 71,000/- രൂപ ഡെപ്പോസിറ്റ് നൽകിയെങ്കി ആരംഭിച്ചിട്ടില്ല. തുടർനടപടി സ്വീകരിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതായി ഇതു സ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേ

പണി പൂർത്തീകരിച്ച് ഉപയുക്തതാ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ടി തുക 71000/-രൂപ തടസ്സപ്പെടുത്തുന്നു.

**(2) പദ്ധതി നമ്പർ : 284 ചെലവ് തുക ₹497600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

പദ്ധതിയുടെ പേര് : ഹരിത കർമ്മ സേനയ്ക്ക് വാഹനം

അടങ്കൽ തുക : ₹5,00,000/- ഫണ്ട് : (CFC – ₹1,50,000/-, കേന്ദ്രാവിഷ്കൃത ഫണ്ട് - ₹3,50,000/-)

ചെലവ് തുക : ₹4,97,600/- (CFC – ₹1,49,000/-, കേന്ദ്രാവിഷ്കൃത ഫണ്ട് - ₹3,48,600/-)
ബിൽ നമ്പർ/തീയതി : 572/21.02.24 -₹135000/-
573/21.02.24 -₹14000/-

531/26.01.24 – ₹348600/-
ടി പദ്ധതിക്കായി Gem മുഖേന ഇലക്ട്രിക്ക് കാർഗോ വാഹനം വാങ്ങുന്നതിനായി 4,97,600/- രൂപ ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും നാളിതുവരെ വാഹനം ലഭ്യമാക്കിയിട്ടില്ല. ര സംബന്ധിച്ച കാലതാമസം കാരണമാണ് വാഹനം കൈമാറാൻ സാധിക്കാത്തത് എന്ന് ടെക്നോളജീസ് അറിയിച്ചതായി, ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് പ നം. 37 തീയതി. 16.06.2024) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വാഹനത്തിന്റെ വില പൂർണ്ണമായും ന വാഹനം ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാഹനം ലഭ്യമാ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(3) പദ്ധതി നമ്പർ : 38 – പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ**

പദ്ധതിയുടെ പേര് : തെരുവ് വിളക്ക് പരിപാലന പദ്ധതി

അടങ്കൽ തുക : 8,00,000/- (വികസനഫണ്ട് പൊതുവിഭാഗം-5,00,000/-, തനത് ഫണ്ട്-3,00,000/-)

ചെലവ് തുക : 4,92,916/- (വികസന ഫണ്ട്)

കരാറുകാരന്റെ പേര് : ശ്രീ. ജനീഷ് .എ (ജെ.എസ്. ഇലക്ട്രിക്കൽസ്)

കരാർ തീയതി : 15.09.2023

ടി പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ) ടെണ്ടർ നിബന്ധന പ്രകാരം സ്ഥാപിക്കുന്ന സാധനങ്ങളുടെ ഗുണമേന്മ, ഐ.എസ്.ഐ. സാക്ഷ്യ വാറന്റി എന്നിവ സൂക്ഷിക്കേണ്ട ചുമതല കരാറുകാരന്റേതാണ്. ഇവ ബില്ലിനോടൊപ്പം ഹാജ കരാറുകാരൻ ബാധ്യസ്ഥനാണ്. എന്നാൽ, ടിയാൻ കരാർ കാലയളവിൽ സമർപ്പിച്ച ബില്ലുകൾക്കൊപ്പം വസ്തുക്കളുടെ ബില്ലുകളോ, വാറന്റി വിവരങ്ങളോ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ കരാറുകാര നൽകിയതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ബി) ഓഡിറ്റ് കാലയളവിൽ ടിയാൻ 555 സിംഗിൾ ട്യൂബ് ലൈറ്റുകളും, 1154 ഡബിൾ ട്യൂബ് ലൈറ്റ എൽ.ഇ.ഡി. ലൈറ്റുകളും, പരിപാലനം നടത്തിയ വകയിലെ ബില്ലുകളാണ് സമർപ്പിച്ചിട്ടുള്ളത്. എന്ന പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച രജിസ്റ്ററിന്റെ അഭാവത്തിൽ ഇതി ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കാൻ നടപടി എട സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

**(4) പദ്ധതി നമ്പർ : 278 (സ്പിൽ ഓവർ) ചെലവ് തുക രൂപ 8 ലക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

പദ്ധതിയുടെ പേര് : തെരുവ് വിളക്ക് പരിപാലന പദ്ധതി

